1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടത്തിലെ പട്ടിക ഒന്ന് ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾക്ക് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ വാഴക്കുളം പഞ്ചായത്തിലെ റേഷൻ കടകളൊന്നും തന്നെ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലിസ്റ്റ് 29.09.2021 ലെ4-ാം നമ്പർ എൻക്വയറി വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എല്ലാ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) കുടിശ്ശിക വിവരം ലഭ്യമല്ല

വാർഡ് അടിസ്ഥാനത്തിൽ 2020-21 മുതൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയാണ് വാർഡ് അടിസ്ഥാനത്തിൽ ആയത് തയ്യാറാക്കിയിരിക്കുന്നത്. അടുത്ത സാമ്പത്തികവർഷത്തേയ്ക്ക് മുൻകൂറായി ഈടാക്കുന്ന ലൈസൻസ് ഫീസിന്റെ ഡിമാന്റ് വർഷാരംഭത്തിൽത്തന്നെ സാംഖ്യയിൽ ചേർക്കുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുന്ന രീതിയാണ് തുടർന്നു പോരുന്നത്. രജിസ്റ്റർ പ്രകാരം ഡി.സി.ബി രേഖപ്പെടുത്തിയിരിക്കുന്നതും അക്കൌണ്ട്സ് പ്രകാരമുള്ള വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തൻവർഷ വരവ് തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നതിനാൽ കുടിശ്ശിക വിവരം ലഭ്യമല്ല. മുൻവർഷത്തെ വരവനുസരിച്ച് പ്രതീക്ഷിത ഡിമാന്റ് വർഷാരംഭത്തിൽ സാംഖ്യയിൽ ചേർക്കേണ്ടതും ഡിമാന്റിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് പിന്നീട് ജേർണൽ എൻട്രിയിലൂടെ മാറ്റം വരുത്തേണ്ടതുമാണ്.

## 1-15 ഡെപോസിറ്റ് രജിസ്റ്ററിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ച ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി സാമ്പത്തിക വർഷത്തിൽ റീഫണ്ട് ചെയ്ത തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ ബാലൻസുമായി താരതമ്യം ചെയ്യുവാൻ സാധിക്കുന്നില്ല.

പ്രസ്തുത വർഷത്തെ കണക്കുകൾ രേഖപ്പെടുത്തി രജിസ്റ്ററിൽ കാലികമാക്കി സൂക്ഷിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കൊള്ളേണ്ടതാണ്.

## 1-16 അങ്കണവാടികളിൽ ഭക്ഷണ സാധനങ്ങൾ വിതരണം-ജി.എസ്.ടി നൽകുന്നു

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-82/2021) ഭാഗമായി അങ്കണവാടികളിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് എടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റും മറ്റ് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തത് സിവിൽ സപ്ലൈസ് കോർപറേഷനുമാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ വാഴക്കുളം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത സഫാല, അമൃതം ന്യൂട്രിമിക്സ് എന്നിവയുടെ ബില്ലുകളും സിവിൽ സപ്ലൈസ് കോർപറേഷന്റെ ബില്ലുകളും പരിശോധിച്ചതിൽ, ഇവയുടെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു.

ഈ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള 1-10-2021ഓഡിറ്റ് എൻക്വയറി നം13 ന്ന് നൽകിയ മറുപടിയിൽ 2020-21 വർഷം എടത്തല അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് 2152800/-രൂപയുടേയും സിവിൽ സപ്ലൈസ് കോർപറേഷൻ 1260689/-രൂപയുടേയും സാധനങ്ങൾ വിതരണം ചെയ്തതായും 17-6-21 ന് ശേഷം സിവിൽ സപ്ലൈസ് കോർപറേഷൻ ജി.എസ്.ടി ഒഴിവാക്കിയാണ് ബിൽ നൽകുന്നത് എന്നും അറിയിച്ചു. സർക്കാർ ഉത്തരവ് (സാധാ) നം 1450/2018/തസ്വഭവ തീ 25-5-2018 പ്രകാരം ജി.എസ്.ടി ഉൾപെടുത്തിയാണ് അമൃതം ന്യൂട്രിമിക്സിന് നിരക്ക് നിർണ്ണയിച്ചിട്ടുള്ളത് എന്നും വനിതാ ശിശു വികസന ഡയറക്ടറുടെ 18-8-2021ലെ ഐ സി ഡി എസ് ബി3/1320/21 കത്ത് പ്രകാരം ജി.എസ്.ടി ഒഴിവാക്കുന്നകാര്യത്തിൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭ്യമാകുന്നതുവരെ മേൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ് എന്ന നിർദേശം നൽകിയിട്ടുള്ളതുമായി അറിയിച്ചു.

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടാകുന്നുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി റീഫണ്ടായി ലഭിക്കുന്നതിന് സാധ്യതയുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്പഷ്ടീകരണത്തിനായി ശ്രമിക്കേണ്ടതും ജി.എസ്.ടി റീഫണ്ട് ലഭിക്കുന്നമുറക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 മെഡിക്കൽ ഓഫീസർ പിഎച്ച്സി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. പ്രോജക്ട് നം 159/21- കുടുംബാരോഗ്യ കേന്ദ്രത്തിന് ഡോക്ടർ എന്ന പദ്ധതിയ്ക്ക് 2020-21 വർഷം 492000/ രൂപ (തനത് ഫണ്ട്) ചെലവാക്കിയിട്ടുള്ളതായി കാണുന്നു. 2018-19 വർഷം മുതൽ ജില്ലാമെഡിക്കൽ ഓഫീസറുടെ 3-5-2018ലെ സി1(എൽ.ഡിസ്) 6979/2017 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം തുടർച്ചയായി ഒരു ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു വരുന്നതായി കാണുന്നു. നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ. ഹംന വി എ, 2-10-2019 മുതൽ 01-10-2020 വരെ 36250/- ശമ്പളത്തിൽ കരാറിൽ എർപ്പെട്ടിട്ടുണ്ട് എങ്കിലും തുടർന്നും സേവനമനുഷ്ഠിക്കുന്നതായും 1-4-2020 മുതൽ 41000/- രൂപ വേതനം നൽകിവരുന്നതായും കാണുന്നു. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1-10-21ലെ എൻക്വയറി നം 14 ന് കൂടിയ വേതനം നൽകിയത് NHM6253/ADMn1/2016 /SDMSU Dt 20-7-2018 പ്രകാരം മെഡിക്കൽ ഓഫീസറുടെ വേതനം 41000/- ആയി വർധിപ്പിച്ചിട്ടുള്ളതിനാലാണ് കൂടിയ വേതനം നൽകിയത് എന്നറിയിച്ചു. മേൽ നിയമനം പഞ്ചായത്ത് കരാർ നിയമനമായതിനാൽ പുതുക്കിയ കരാറിൽ ഏർപ്പെടാതെ വേതനം മാറ്റി നൽകിയത് ശരിയായ നടപടിയല്ല. കൂടാതെ തുടർന്നുള്ള കരാറുകൾ കൃത്യമായ രീതിയിൽ മുദ്രപത്രത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചതായും കാണുന്നില്ല. കരാർ നിയമനങ്ങളിൽ കരാർ നിബന്ധനകൾ പാലിക്കേണ്ടതും കൃത്യമായ കരാർ, ഹാജർ, അക്വിറ്റൻസ് എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

2. പ്രോജക്ട് നം 163/21 കുടുംബാരോഗ്യ കേന്ദ്രത്തിന് ഫാർമസിസിറ്റ് എന്ന പദ്ധതിയ്ക്ക് 2020-21 വർഷം 171500/ രൂപ (തനത് ഫണ്ട്) ചെലവാക്കിയിട്ടുള്ളതായി കാണുന്നു. 10/9/19 ലെ എച്ച് എം സിയുടെ തിരുമാനപ്രകാരം 2019-20 വർഷം മുതൽ ഫാർമസിസിറ്റിനെ നിയമിച്ചതായും തുടർന്ന് 2020-21 പദ്ധതി പ്രകാരം തുടർച്ചയായി ഒരു ഫാർമസിസിറ്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് വരുന്നതായും കാണുന്നു. നിലവിൽ സേവനമനുഷ്ടിക്കുന്ന ശ്രീമതി മിന്റോ എൽദോ കരാറിൽ എർപ്പെട്ടിട്ടുണ്ട് എങ്കിൽ കരാർ ഹാജറാക്കേണ്ടതാണ് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1-10-21ലെ എൻക്വയറി നം 14 ന് കോവിഡ് സാഹചര്യമായതിനാൽ വെള്ള പേപ്പറിലാണ് കരാർ തയ്യാറാക്കിയിരിക്കുന്നത് എന്നും മുദ്രപത്രം ലഭിക്കുന്ന മുറയ്ക്ക് കൃത്യമായി കരാർ തയ്യാറാക്കുന്നതാണ് എന്നും അറിയിച്ചു. കരാർ കൃത്യമായ രിതിയിൽ മുദ്രപത്രത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, ഹാജർ, അക്വിറ്റൻസ് എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-18 കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 160/21, കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| അടങ്കൽ | 5,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 5,00,000/- |
| ബിൽ നമ്പർ | 20120752006501221653/20-21 തീയതി - 10-3-2021 |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 5,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് 10-3-2021 ന് കൈമാറിയെങ്കിലും വിവിധ ഇൻവോയ്സുകളിലൂടെ ( LF-508 തീ 28-4-21, 45350/- LF-70 തീ 7-5-21, 120317/-, LF-1025 തീ 7-5-21, 74973/-, LF-1031 തീ 7-5-21, 241460/-) ഇതുവരെ 482100/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. 17900/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1-10-21ലെ എൻക്വയറി നം 10 ന് മരുന്ന് ലഭ്യമാക്കുന്നതാണ് എന്ന് കാരുണ്യ അധികൃതർ അറിയിപ്പ് നൽകിയതായി അറിയിച്ചു.

17900/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങടക്കം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നതുവരെ 17900/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 സ്ത്രീരോഗ ക്ലിനിക്- മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് ഒ 151/21, സ്ത്രീരോഗ ക്ലിനിക് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയർവേദം |
| അടങ്കൽ | 1,07,250/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 1,07,250/- |
| ബിൽ നമ്പർ | 2012075200680116587/20-21 തീയതി - 07-3-21 |

2020-21 വർഷം സ്ത്രീരോഗ ക്ലിനിക് എന്ന പദ്ധതിയ്ക്കായി മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 1,07,250/- രൂപ ഔഷധിയ്ക്ക് 07-3-21 ന് കൈമാറിയെങ്കിലും ഇതുവരെ 101519/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. (ഇൻവോയ്സ് നം 90194514 തീ 11-1-21, 70662/-, ഇൻവോയ്സ് നം 90204000 തീ 24-3-21, 30857/-) 5731/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 5-10-21ലെ എൻക്വയറി നം 19 ന് മറുപടി നൽകിയില്ല. 5731/- രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നതുവരെ 5731/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

2020-21 സാമ്പത്തിക വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്ലാൻ ഫണ്ടിൽ നിന്നും 27,50,000

രൂപ വകയിരുത്തി വാഴക്കുളം ഗ്രാമപഞ്ചായത്തിൽ പദ്ധതിക്ക് (നമ്പർ 378/21)അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും തൻവർഷം ചെലവ് വന്നിട്ടില്ല. സാധാരണക്കാരായ ജനങ്ങൾക്ക് ആശ്വാസകരമായ രീതിയിൽ ഹെൽപ്പ് ഡെസ്കും മാറമ്പിള്ളി എം ഇ എസ് കോളേജിൽ CFLTC യും പ്രവർത്തിച്ചിരുന്നു. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ റാപ്പിഡ് റെസ്പോൺസ് ടീം (RRT) രൂപീകരിച്ചിട്ടുണ്ട്. പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി കമ്മിറ്റി രൂപീകരിക്കുകയും വിവിധ തീയതികളിൽ യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ എടുത്തിട്ടുമുണ്ട്. ചെയർമൻ പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫിസറും, സെക്രട്ടറി, ആരോഗ്യക്ഷേമ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൻ എന്നിവർ മെമ്പേഴ്സ് മാണ്. സംഭാവന ഇനത്തിൽ ലഭിക്കുന്ന തുക ഉപയോഗപ്പെടുത്തി കമ്യൂണിറ്റി കിച്ചൻ സാധന സാമഗ്രികൾ വാങ്ങിക്കുകയും ചെയ്തു പോരുന്നു. ഇതിനെല്ലാം കൃത്യമായ രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. സന്നദ്ധസംഘടനകളുടെ സഹായത്തോടെ പൾസ് ഓക്സിമീറ്റർ വിതരണം നടത്തിയിട്ടുണ്ട്. 2020-21 വർഷം കോവിഡ് പ്രവർത്തനങ്ങൾക്ക് വേണ്ടി തനതു ഫണ്ടിൽ നിന്നുമുള്ള ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-21 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | എസ് ഒ 111/21, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| അടങ്കൽ | 2,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 2,00,000/- |
| ട്രഷറി ബിൽ നമ്പർ | 1/20-21 തീയതി - 21-10-20 |

2019-20 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 2,00,000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോപറേറ്റിവ് ഫാർമസി ലിമിറ്റഡിന് 21-10-20 ന് കൈമാറിയെങ്കിലും ഇതുവരെ 111613/-രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. (ഇൻവോയ്സ് നം LF-1107 തീ 12-8-21 )

88387/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 1-10-21ലെ എൻക്വയറി നം 11 ന് മറുപടി നൽകിയില്ല. 88387/- രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കി വിശദാംശങ്ങടളക്കം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നതുവരെ 88387/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 സാമൂഹ്യ ക്ഷേമ പെൻഷൻ- അപാകതകൾ

1. 2020-21ലെ ഗ്രാമ പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സേവനപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് അപാകതകൾ കാണുന്നു. ഏതാനം ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര്, ആധാർ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | ഗോപാലൻ എ ജി 658895787911 | 08.11.2020 കർഷകപെൻഷൻ | മരണപ്പെട്ടതിന ശേഷം 4/2021 വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. 6/5/21 ന് മാത്രം പെൻഷൻ സസ്പെന്റഡ് ചെയ്തു |
| 2 | ലക്ഷമണൻ പിള്ള 84955202163, | 07.10-2020 വാർധക്യ പെൻഷൻ | മരണപ്പെട്ടതിന ശേഷം 4/2021 വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്റ്റീവ് ആയി തുടരുന്നു |
| 3 | കാളിക്കുട്ടി പള്ളികുറുമ്പൻ. 763293658392 | 11-4-20. കർഷകപെൻഷൻ | 4/2020 വരെ തുക നൽകി. | നിലവിലും ആക്റ്റീവ് ആയി തുടരുന്നു |

| | | | | |
|---|---|---|---|---|
| 4 | അന്നമ്മ മത്തായി 854198581724 | 18-7-20 വാർധക്യ പെൻഷൻ | 4/2020 വരെ തുക നൽകി. | നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 5 | കട്ടി 866744635387 | 20-6-20, വാർധക്യ പെൻഷൻ | മരണപ്പെട്ടതിനു ശേഷം 9/2021 വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി തുടരുന്നു |
| 6 | അബ്ദുൾ റഹിമാൻ കെ എം, 408276444970 | 12-6-20 വാർധക്യ പെൻഷൻ | മരണപ്പെട്ടതിനു ശേഷം 9/2021 വരെ തുക ബാങ്കിന് കൈമാറി. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. നിലവിലും ആക്ടീവ് ആയി തുടരുന്നു |

ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെ നിരുത്തരവാദപരമായാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത് എന്ന് വ്യക്തമാണ്. പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണംനടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4. മരണ രജിസ്ട്രേഷന് ആധാർ നമ്പർ ആവശ്യപ്പെടേണ്ടതും ആധാർ നമ്പർ ലഭ്യമാകാത്ത കെയ്സുകളിൽ പ്രത്യേക പരിശോധന നടത്തി മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ അല്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

5.മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന കെയ്സുകളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

6. ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-23 ചെലവ് രേഖകൾ, ക്വട്ടേഷൻ സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തെ വൌച്ചറുകൾ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്ക് വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്, ഓട്ടോമാറ്റിക്ക് സാനിറ്റൈസർ & തെർമൽ സ്കാനർ എന്നിവയ്ക്കായി തുകകൾ നൽകിയതായി ബിൽ രജിസ്റ്ററിൽ കാണുന്നു. ടി പ്രവർത്തിക്കായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷനുകൾ സ്വീകരിച്ചതായുള്ള രേഖകൾ ഫയലിലില്ല.

| ക്രമ നം | വൌച്ചർ നം/ തീയതി | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|---|
| 1 | 22000340/ 24.07.2020 | M Tech Solution, West Koratty (വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്) | 130024/- |
| 2 | 22000341/ 24.07.2020 | M Tech Solution, West Koratty (വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്) | 11662/- |
| 3 | 22000484/ 04.09.2020 | M Tech Solution, West Koratty (വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്) | 32713/- |

| | | | |
|---|---|---|---|
| 4 | 22000716/ 10.11.2020 | M Tech Solution, West Koratty (വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്) | 67287/- |
| 5 | 22000903/ 31.12.2020 | M Tech Solution, West Koratty (വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്) | 52264/- |
| 6 | 22000904/ 31.12.2020 | M Tech Solution, West Koratty (വോട്ടേഴ്സ് ലിസ്റ്റ് പ്രിന്റിംഗ്) | 36556/- |
| 7 | 22000587/ 16.10.2020 | Arbit Safety & Engg Solution (ഓട്ടോമാറ്റിക്ക് സാനിറ്റൈസർ & തെർമൽ സ്കാനർ) | 15340/- (ഉപകരണം വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയില്ല) |

ടി അപാകതകൾ സംബന്ധിച്ച് 04.10.2021 തീയതിയിൽ നൽകിയ എൻക്വയറി നം.17 ന് മറുപടി ലഭ്യമാക്കിയതിൽ വാങ്ങലുകളിക്കായി ക്വട്ടേഷൻ തുടങ്ങിയ രേഖകൾ അടങ്ങിയ ഫയലുകൾ ഓഫീസ് മെയിന്റനൻസ് നടത്തിയതിന്റെ ഭാഗമായി മാറ്റിയപ്പോൾ 'മിസ് പ്ലെസ്'" ചെയ്തു പോയതാണെന്നും, ആയത് കണ്ട് പിടിച്ച് ഹാജരാക്കുന്നതാണെന്നുമാണ്. മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ കണ്ടുപിടിച്ച് അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 ഇ ടെണ്ടർ - അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്ന ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ മാറമ്പിള്ളി ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലാണ് (നം. 38025119133) ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് വന്നിട്ടുള്ളത്. 2019-20 സാമ്പത്തികവർഷം 104864/- രൂപയും 2020-21 സാമ്പത്തികവർഷം 202270/- രൂപയും ഇ ടെണ്ടർ ഫീസിനത്തിൽ ടി അക്കൗണ്ടിൽ വരവുള്ളതാണ്. അക്കൗണ്ടിലെ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നീക്കിയിരുപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ള ടെണ്ടർ ഫീസ് തുക കൃത്യമായ കണക്ക് സഹിതം (മുൻവർഷങ്ങളിലേതുൾപ്പെടെ) തനത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 വർക്ക് ബില്ലിൽ നിന്നും ഐടി കുറവ് ഈടാക്കി

താഴെകൊടുക്കുന്ന പ്രവൃത്തികളിലെ കരാറുകാരായ മെസ്സേഴ്സ് ചെമ്പറക്കി ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും ആദായനികുതി നിയമപ്രകാരം കുറവ് ചെയ്യേണ്ട 2% നികുതിക്ക് പകരം 1% ആണ് കുറവ് ചെയ്തതായി കാണുന്നത്. കുറവ് ഈടാക്കിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

| പദ്ധതി നം. | പേര് | വർക്കിന്റെ മൂല്യം | എഗ്രിമെന്റ് നം. | ഐടി ഈടാക്കിയത് | ഈടാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 95/21 | ചാലിപ്പാടം റോഡ് കട്ടവിരിക്കൽ | 336706.61 | 23/AE/1/2 Km/2021 Dtd. 13.7.2020 | 3367 | 6734 | 3367 |
| 31/21 | ഡിപ്പോ റോഡ്സൈഡ് കട്ടവിരിക്കൽ | 290363.82 | 64/AE/1/2 Km/20-21 Dtd.13.9.2020 | 2904 | 5808 | 2904 |
| 109/21 | താഴത്താൻ പുതുക്കാട് റോഡ് കട്ട വിരിക്കൽ | 130540.20 | 21/AE/1/2 Km Dtd.13.7.2020 | 1305 | 2610 | 1305 |
| 97/21 | പാറായിക്കടി റോഡ് കട്ട വിരിക്കൽ | 191233.79 | 19/AE/1/2 Km Dtd.13.7.2020 | 1912 | 3824 | 1912 |
| 98/21 | തെക്കനേഴത്ത് റോഡ് കട്ട വിരിക്കൽ | 83103.12 | 20/AE/1/2 Km Dtd.13.7.2020 | 831 | 1662 | 831 |

## 1-26 ആസ്തി സംരക്ഷണം അപാകതകൾ

തദ്ദേശ സ്വയം ഭരണ വകുപ്പ് 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ലത്തതാണ്. ആസ്തി സംരക്ഷണം സംബന്ധിച്ച നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2.പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, ആസ്തികളുടെ നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട പല കോളങ്ങളിലും രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു. കൂടാതെ, ആസ്തി രജിസ്റ്റർ പുതിയതായി നിർമ്മിച്ച റോഡുകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ചേർത്ത് എന്ന് വരെ കാലികമാക്കേണ്ടതാണ്.

## 1-27 പട്ടികജാതി വിഭാഗങ്ങൾക്കുള്ള പദ്ധതികൾ - രൂപീകരണത്തിലെ അപാകതകൾ

വാഴക്കുളം പഞ്ചായത്തിലെ വാർഡ് മൂന്നിലുൾപ്പെട്ട പുളിന്താനം കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നത് സംബന്ധിച്ച് വാർഡ് മെംബർ നല്കിയ കത്ത് 19-06-2019 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെട്ടതായി കാണുന്നു. പ്രസ്തുത കോളനി പട്ടികജാതി വിഭാഗക്കാർ കൂട്ടമായി താമസിക്കുന്ന ഇടമാണെന്നും അഞ്ച് സെന്റ് വീതം സ്ഥലം മാത്രമേ ഈ കുടുംബങ്ങൾക്ക് സ്വന്തമായുള്ളൂ എന്നും അതിനാൽ വിവാഹാവശ്യങ്ങൾക്കും യോഗങ്ങൾ ചേരുന്നതിനും മറ്റ് സാമൂഹികാവശ്യങ്ങൾക്കും ഒത്തുചേരലുകൾക്കും പൊതുവായ ഒരു സ്ഥലം ഇല്ലായെന്നതുമാണ് കത്തിലെ ഉള്ളടക്കം. ഇപ്പോൾ പൊതു ആവശ്യത്തിനായി അഞ്ച് സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്ന വിവരവും അവിടെ ഒരു കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിനെപ്പറ്റിയും കമ്മിറ്റി ചർച്ച ചെയ്തു. എന്നാൽ പഞ്ചായത്ത് ഫണ്ടിന്റെയും പട്ടികജാതി വികസനഫണ്ടിന്റെയും അപര്യാപ്തത മൂലം ടി സ്ഥലം വാങ്ങുന്നതിനും കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിനും സാധിക്കുന്നില്ല എന്നും കമ്മിറ്റിയിൽ അംഗീകരിക്കപ്പെട്ടു. അതിനാൽ ടി ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കുന്നതിന് പട്ടികജാതി വകുപ്പിനോട് അഭ്യർഥിക്കാനും മേൽ തിയതിയിലെ നമ്പർ 4(1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തു. ഈ തീരുമാനം കൈക്കൊള്ളുന്നതിന് തൊട്ട് മുമ്പത്തെ സാമ്പത്തികവർഷത്തിൽ 2019-2020 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവാക്കാതെ ലാപ്സായ എസ്സ്. സി. ഡവലപ്മെന്റ് ഫണ്ട് 5360943രൂപയാണ്. 2020-2021 വർഷത്തിലാകട്ടെ ഇത് 628120 രൂപയാണ്. പഞ്ചായത്തിന്റെ തനത് വരുമാനവും മികച്ചതാണ് എന്ന് വാർഷികധനകാര്യപത്രികയിൽ നിന്ന് ബോധ്യപ്പെടുന്നുണ്ട്. പട്ടികജാതി വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാക്കുന്ന നടപടി കൈക്കൊള്ളേണ്ടത് തന്നെയെങ്കിലും പദ്ധതി വിഹിതമായി ലഭിച്ച എസ്സ്.സി. ഫണ്ട് 2019-2020, 2020-2021 വർഷങ്ങളിൽ ലാപ്സായ സാഹചര്യത്തിൽ മേൽ പദ്ധതി എസ്സ്.സി. ഡവലപ്മെന്റ് ഫണ്ട് ഉപയുക്തമാക്കി പദ്ധതിരൂപീകരിച്ച് നടപ്പിലാക്കാൻ ശ്രമമുണ്ടാകാത്തതിന് വിശദീകരണം തേടിക്കൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 15)നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കൂടാതെ 2019-2020 വർഷത്തിൽ പ്രോജക്റ്റ് നമ്പർ 12/20 പ്രകാരമുള്ള പട്ടികജാതി വനിതകൾക്ക് സ്കൂട്ടർ എന്ന പദ്ധതിക്ക് ഗുണഭോക്തൃലിസ്റ്റിലുള്ള പതിനെട്ട് പേരിൽ പന്ത്രണ്ട് ഗുണഭോക്താക്കൾ മാത്രമേ സ്കൂട്ടർ വാങ്ങാൻ തയ്യാറായിവന്നുള്ളൂ എന്നും ആയതിനാൽ ടി പദ്ധതി തുടരേണ്ടതില്ല എന്നും നമ്പർ 2(3) തിയതി 20-4-2020 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതായും കാണുന്നു. പദ്ധതികളുടെ മുൻഗണന നിർണ്ണയിക്കുന്നതിൽ അപാകത ഉണ്ടെന്നതിലേക്കാണ് ആയത് വിരൽ ചൂണ്ടുന്നത്. അതിനാൽ ഭാവിയിൽ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ ആവശ്യകത, നടപ്പിലാക്കുന്നതിലുള്ള പ്രായോഗികത എന്നീ ഘടകങ്ങൾക്ക് പ്രാധാന്യം നല്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) തൊഴിൽ നികുതി,ലൈസൻസ് ഫീസ് മുതലായ ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ വാർഷിക കണക്കിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല.

2) അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) വാർഷിക ധനകാര്യപത്രികയുടെ കൂടെ ഉള്ളടക്കം ചെയ്തിട്ടില്ല.

3) സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

### 4-2 സംയുക്തപ്രോജക്ടുകളുടെ വിവരങ്ങൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04. 2020 ലെ മുന്നിരിപ്പ് | 2020-2021ൽ ലഭിച്ച തുക | ആകെ | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (320700204) | 2019-20 | 124800 | 124800 | 124800 | ലൈഫ് ഭവന നിർമ്മാണം (Pro No 7) | 124800 | |
| | 2019-20 | 287524 | 287524 | 287524 | ലൈഫ് ഭവന നിർമ്മാണം (Pro No 11) | 220000 | 67524 |
| | 2020-21 | - | 600000 | 600000 | ഭവനരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) (Pro No 8 | 600000 | |
| | 2020-21 | | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ( പ്രോജക്ട് നമ്പർ 9) | 261650 | |
| | | 2020-21 | | 104312 | പട്ടികജാതി വികസനം പ്രോജക്ട് നമ്പർ 23) | 104312 | |
| | | | | | പാലിന് സബ്സിഡി | 133840 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | പ്രോജക്റ്റ് നമ്പർ | | |
| | | 2017-18 | | | ആകെ | 1724602 | |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04.2020 ലെ മുന്നിരിപ്പ് | 2020-2021ൽ ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് (320 700 205) | | | | | ലൈഫ് ഭവന നിർമ്മാണം (Pro No 2) | 100000 | |
| | | | | | ലൈഫ് ഭവന നിർമ്മാണം (Pro No 7) | 800000 | |
| | | | | | ലൈഫ് ഭവന നിർമ്മാണം (Pro No 11) | 100000 | |
| | | | | | ഭവനരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ) (Pro No 8) | 800000 | |
| | | | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് ( പ്രോജക്റ്റ് നമ്പർ 9) | 500000 | |
| | | | | | ഭവനരഹിതർക്ക് ഭൂമി വാങ്ങൽ(ജനറൽ) (Pro No 287) | 400000 | |
| | 20-21 | | 40000 | 40000 | കുളങ്ങളുടേയും തോടുകളുടേയും നവീകരണം | 40000 | |
| | | | | ആകെ | | 2740000 | |

## 4-3 തൻവർഷം ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് | 22001429/12-04-20 | 188104 | 0 | 188104 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് 188/21 | 22001434/07-05-20 | 493854 | 0 | 493854 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് 188/21 | 22001435/07-05-20 | 405227 | 0 | 405227 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് 188/21 | 22001436/07-05-20 | 483623 | 0 | 483623 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് 188/21 | 22001438/07-05-20 | 409896 | 0 | 409896 |
| | പോസ്റ്റ് ഷിഫ്റ്റിംഗ്(വാർഡ് | 2200282/29-06-20 | 44756 | 0 | 44756 |

| | | | | | |
|---|---|---|---|---|---|
| | 12) പ്രോജക്ട് 165/21 | | | | |
| | | ആകെ | 2025460 | 0 | 2025460 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ – ലൈഫ് | സർക്കാർ കത്ത് 63430/ഡിബി/13/ തസ്വഭവ തി 25.10.2013 | 10800000 | 2643236 | 751105 | 260116 | 1892131 |
| HUDCOഭവന വായ്പ – ലൈഫ് | | 6817400 | 6096811+ 1640000(തൻവർഷ വരവ്)=7736811 | 1274077 | 0 | 6462734 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5184639 |
| തൻവർഷം നിക്ഷേപിച്ച തുക | 375888 |
| ആകെ | 5560527 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5560527 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | -- | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം- ആരോഗ്യ രംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പിഎച്ച്സി. വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, ഉപകരണങ്ങൾ ലഭ്യമാക്കി, വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു, മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമ സഭാ സമിതി തെളി |

| | | | | | |
|---|---|---|---|---|---|
| | | | | | വെട്ടപ്പ് നടന്നിട്ടില്ല. ഹോമിയോ ഡിസ്പെൻസറിയിൽ കിടത്തി ചകിത്സ നിലവിൽ ഇല്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 124922117.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 122917005.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ........ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ........ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 112018 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 17900 | ഡോ.അജയ് ബാബു, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-19 | 5731 | ഡോ. ഷീജ. കെ.കെ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 1-21 | 88387 | ഡോ. ശ്രീ ലേഖ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | 112018 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ.04.04.2016 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(ii)/18/ 25.05.19 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.2016 |
| 2000-01 | |
| 2001-02(പ്ലാൻ) | |
| 2001-02 (നോൺ പ്ലാൻ) | എൽ.എഫ്.ഇ.(പി5)1545808 തീയതി 09.01.09 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീയതി 04.04.16 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(iv)/18 തീ.25.05.19 |
| 2004-05 | |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.16 |
| 2006-07 | |
| 2007-08 | എൽ.എഫ്.ഇ.(പി5)1296/09/16.03.10 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(v)/18 തീ.25.05.19 |
| 2009-10,10-11 | എൽ.എഫ്.ഇ.(പി5)5/13 തീ. 01.03.13 |
| 2011-12 | എൽ.എഫ്.ഇ.(പി5)214/14 തീ. 05.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി5)11/15 തീ. 12.04.16 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം.(പി5)924/16 തീ.31.05.17 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി5)1733/16 തീ.04.02.17 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി5)654/17 തീ.06.01.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി5)1594/17 തീ.19.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി5)2163/18 തീ.04.12.18/ 05.07.19 |
| 2018-19 | കെ.എസ്.എ.-ഇ.കെ.എം.(പി5)1684/2019 തീ. 2.11.2019 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി5) 1375/21 തീ. 10.11.2021 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്